പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 720

28.09.2011- ലെ മറുപടിക്ക്

<u>ഫോംമാറ്റിംഗ്സ് (ഇൻഡ്യ) ലിമിറ്റഡിന്റെ ആധുനികവൽക്കരണം</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ആർ. രാജേഷ് | ശ്രീ. അടൂർ പ്രകാശ് <br> <u>(ആരോഗ്യവും കയറും വകുപ്പ് മന്ത്രി)</u> |
| (എ) ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡിന്റെ പ്രവർത്തനപുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) ഫോംമാറ്റിംഗ്സ് (ഇൻഡ്യ) ലിമിറ്റഡിന്റെ പ്രവർത്തനപുരോഗതി വിലയിരുത്താറുണ്ട്. <br><br> 1979 ൽ കേരളാ സ്റ്റേറ്റ് കയർ കോർപ്പറേഷന്റെ സഹോദര സ്ഥാപനമായി രൂപം കൊണ്ട് 1981 ൽ സ്വതന്ത്ര സ്ഥാപനമായി കൊമേഷ്യൽ പ്രൊഡക്ഷൻ ആരംഭിച്ച ഫോം മാറ്റിംഗ്സിൽ കയർ, ജൂട്ട്, സൈസൽ എന്നിവ കൊണ്ടുള്ള വിവിധ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നു. മാറ്റിംഗ് പ്ലാന്റ്, ലാറ്റക്സ് ബാക്കിംഗ് പ്ലാന്റ്, ഡൈയിംഗ് പ്ലാന്റ്, പവർ ലൂം പ്ലാന്റ്, റഗ്ഗ് കാർപ്പറ്റ് പ്ലാന്റ്, മാറ്റ്സ് ഫിനിഷിംഗ് പ്ലാന്റ്, എന്നീ വിഭാഗങ്ങളിലായിട്ടാണ് ഉൽപ്പാദനം നടക്കുന്നത്. കമ്പനിയുടെ നിക്ഷേപ മൂലധനം 550 ലക്ഷം രൂപയും അടച്ചു തീർന്ന മൂലധനം 515.23 ലക്ഷം രൂപയുമാണ്. ആഡിറ്റു ചെയ്യപ്പെടാത്ത, താത്ക്കാലിക കണക്കുപ്രകാരം, 2010-11 വർഷം വരെ കമ്പനിയുടെ സഞ്ചിതലാഭം 283.48 ലക്ഷം രൂപയാണ്. |

| | |
|---|---|
| | പരമ്പരാഗത രീതിയിൽ മരത്തറികളിൽ നെയ്തു കൊണ്ടിരുന്ന കയർ പായകൾക്ക് ഓരോവർഷവും ആവശ്യം കുറഞ്ഞുവന്നതിനാൽ ഗുണമേന്മയുള്ളതും ഉൽപ്പാദനക്ഷമത കൂടിയതുമായ സെമി പവർ ലൂമിൽ നെയ്ത് എടുക്കുന്ന കയർ പായകൾക്ക് അനുദിനം ആവശ്യക്കാർ ഏറിവരുന്നത് കൊണ്ടും സർക്കാർ അനുവദിച്ച ഫണ്ടുപയോഗിച്ച് എട്ട് സെമി പവർലൂമുകൾ (2മീറ്റർ -4എണ്ണം, 1.5മീറ്റർ -2എണ്ണം, 0.75മീറ്റർ -2.എണ്ണം വീതം) സ്ഥാപിച്ച് പ്രവർത്തനം ആരംഭിക്കുകയും വിപണനം ആരംഭിക്കുകയും ചെയ്തു. ഉത്പാദന ചിലവ് കുറക്കുന്നതിന്റെ ഭാഗമായി ഡൈഹൗസിൽ നിന്നും പുറംതള്ളുന്ന ചൂടുവെള്ളത്തിൽ നിന്നും ഹീറ്റ്എക്സ്ചേഞ്ചർ വഴി ചൂട് ആഗിരണം ചെയ്യുവാനുള്ള സംവിധാനവും 2010-11 സാമ്പത്തിക വർഷത്തിൽ സ്ഥാപിക്കുകയും ടി പ്ലാന്റിന്റെ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. കമ്പനിയുടെ വിവിധ പ്ലാന്റുകളിൽ മിക്കവെയും ഫർണസ് ഓയിൽ, ഡീസൽ, വൈദ്യുതി എന്നിവ ഉപയോഗിച്ചാണ് പ്രവർത്തിച്ചുവരുന്നത് - പ്രത്യേകിച്ച് ലാറ്റക്സ് ബാക്കിംഗ് പ്ലാന്റ്, ഡൈഹൗസ് എന്നിവ. ഇന്ധനത്തിന്റെയും വൈദ്യുതിയുടേയും വില വർദ്ധിച്ചത് ഉൽപ്പാദനച്ചിലവും |

| | |
|---|---|
| | വലിയ തോതിൽ കൂടുന്നതിന് കാരണ മായിട്ടുണ്ട്. ഉൽപ്പാദന വിപണന രം ഗത്ത് കടുത്ത മത്സരം നേരിടുന്ന കയർ, ജൂട്ട്, സൈസൽ ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനച്ചിലവ് കുറയ്ക്കുന്നതിനായി സർക്കാർ സഹായത്തോടെ ബയോ മാസ് പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിക്കഴിഞ്ഞു. ഈ പദ്ധതി നടപ്പിലാക്കുക വഴി ഇന്ധന ചെലവിൽ ഏകദേശം 40 ശതമാന ത്തോളം ലാഭിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഈ സാമ്പത്തിക വർഷം ടി പ്ലാന്റ് കമ്മീഷൻ ചെയ്യുന്നതാണ്. പുതിയ പ്ലാന്റുകൾ സ്ഥാപിക്കുക വഴി, കമ്പനിയ്ക്ക് കൂടുതൽ വിദേശ ആഭ്യന്തര ഓർഡറുകൾ കരസ്ഥ മാക്കുവാനും അതുവഴി കമ്പനിയുടെ വിറ്റുവരവ് വർദ്ധിപ്പിക്കുകയുമാണ് ലക്ഷ്യം. പുറമെയുള്ള കയറ്റുമതി ക്കാർ/സ്വകാര്യ സ്ഥാപനങ്ങൾ എന്നി വർക്ക് ജോബ് വർക്ക്വഴി ലഭിക്കുന്ന ലാറ്റക്സ് ബാക്കിംഗ്, കയർ, ജൂട്ട്, സൈസൽ എന്നിവയ്ക്ക് ചായം മുക്കി ക്കൊടുക്കുന്ന സേവനങ്ങൾ എന്നിവ തൃപ്തികരമായി ചെയ്തുകൊടുക്കുന്നു ണ്ട്.<br><br>കമ്പനി 136 പേർക്ക് നേരിട്ട് തൊഴിൽ നൽകുന്നു. ഇതിൽ 30 പേർ സ്റ്റാഫ് അംഗങ്ങളും ബാക്കി തൊഴിലാളി കളും ആണ്. നടപ്പു സാമ്പത്തിക വർഷം buyer seller meeting കളിൽ |

| | |
|---|---|
| | പങ്കെടുക്കുകയും ജർമ്മനിയിലെ Domotex 2011 ഫെയറിൽ പങ്കെടുക്കുകയും ചെയ്തതിന്റെ ഫലമായി പുതിയ buyers നെ കണ്ടെത്തുവാനും അതുവഴി കയറ്റുമതിയിൽ ഗണ്യമായ വർദ്ധനവ് ഉണ്ടാക്കുവാനും സാധിച്ചിട്ടുണ്ട്. ആഭ്യന്തര വിപണി വർദ്ധിപ്പിക്കുന്നതിനു വേണ്ടി സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷൻ, കൺസ്യൂമർഫെഡ്, കെ.എസ്.ഐ.ഇ, സർവ്വീസ് സഹകരണ സൊസൈറ്റി, സർവ്വീസ് സഹകരണ ബാങ്ക്, സർക്കാർ സ്ഥാപനങ്ങളിലെ കോ ഓപ്പറേറ്റീവ് സൊസൈറ്റികൾ തുടങ്ങിയ സ്ഥാപനങ്ങൾ വഴി ഉൽപ്പന്നങ്ങൾ വിറ്റു വരുന്നു. കൂടാതെ വിപണിയിൽ പുതുമയുള്ളതും, പരിസ്ഥിതിയ്ക്കിണങ്ങിയതുമായ കയർ കൊണ്ടുണ്ടാക്കിയ ചെരുപ്പുകൾ, ജൂട്ട് കൊണ്ടുണ്ടാക്കിയ ടൈൽ, വിവിധ ഉപയോഗങ്ങൾക്കായുള്ള കയർ-റബർ മാറ്റ് എന്നിവ വിപണിയിൽ ഇറക്കി. സർക്കാരിന്റെ ധനസഹായത്തോടുകൂടി ACCDS -മായി ചേർന്ന് കണിച്ചുകുളങ്ങരയിൽ കയർ കോമ്പോസിറ്റ് ബോർഡ് ഫാക്ടറിയുടെ നിർമ്മാണ പ്രവർത്തനം പുരോഗമിച്ചുവരുകയാണ്. ഈ സാമ്പത്തികവർഷം ഫാക്ടറി കമ്മീഷൻ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

| | |
|---|---|
| | 2010-11 വർഷം ഫോമിലിന്റെ വരുമാനം 379.54 ലക്ഷം രൂപയുടെ ആഭ്യന്തര വിപണനവും 33.61 ലക്ഷം രൂപയുടെ കയറ്റുമതിയും ഉൾപ്പെടെ ഏകദേശം 789.72 ലക്ഷം രൂപയാണ്. |
| (ബി) ഫോം മാറ്റിംഗ്സിനെ കാലോചിതമായി ആധുനികവത്ക്കരിക്കണമെന്ന കയർ കമ്മീഷൻ ശുപാർശ നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) **കയർകമ്മീഷൻ ശുപാർശ നടപ്പിലാക്കുവാൻ ആധുനികവത്കരണത്തിന്റേയും വൈവിദ്ധ്യവത്കരണത്തിന്റേയും ഭാഗമായി കണിച്ചുകുളങ്ങരയിലെ 4 ഏക്കർ സ്ഥലത്ത് സർക്കാർ സഹായത്തോടെ ഫോംമാറ്റിംഗ്സിന്റെയും ആലപ്പുഴ കയർ ക്ലസ്റ്റർ സൊസൈറ്റിയുടെയും (ACCDS) സംയുക്ത സംരംഭമായ "കയർ കോമ്പോസിറ്റ് ഫാക്ടറി" 14 കോടി രൂപ മുതൽമുടക്കി സ്ഥാപിച്ചു വരുന്നു. ഫാക്ടറിയുടെ നിർമ്മാണം അവസാനഘട്ടത്തിലാണ്. കൂടാതെ മറ്റ് പ്രോജക്ടുകൾ നടപ്പിലാക്കാനും ഉദ്ദേശി**ക്കുന്നുണ്ട് |
| (സി) : **ഫോമിൽ എന്ന ബ്രാൻഡിൽ ഉത്പന്നങ്ങൾ മാർക്കറ്റുചെയ്യുന്ന ഫോം മാറ്റിംഗ്സ് ഉത്പന്നങ്ങൾക്ക് കേരളീയർ എന്ന പൊതു ബ്രാൻഡ് നൽകണമെന്ന നിർദ്ദേശം പരിഗണിച്ചിട്ടുണ്ടോ ?** | (സി): ഇതു സംബന്ധിച്ച നിർദ്ദേശമൊന്നും ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ